LIBRARY ARCHIVES Kerala Legislative Assembly

### ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി പൂർത്തീകരണം

45 [130] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ എഞ്ചിനീയർമാർ ഇല്ലാത്തതിനാൽ പദ്ധതി രൂപീകരണത്തിനും പഞ്ചായത്തിലെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ എത്ര പഞ്ചായത്തുകളിൽ എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത്/ജലവിഭവ വകുപ്പുകളിൽ നിന്നും 100 അസിസ്റ്റന്റ് എഞ്ചിനീയർമാരെയും 404 ഓവർസിയർമാരെയും തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് ഇനിയും പുനർവിന്യസിക്കാനുണ്ട്. അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. പുനർവിന്യസിച്ചു ലഭിച്ചാലുടൻ തന്നെ എഞ്ചിനീയർമാരില്ലാത്ത പഞ്ചായത്തുകളിൽ നിയമിക്കുന്നതാണ്. എഞ്ചിനീയർമാരുടെ അഭാവത്തിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ, മറ്റു ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിലെ എഞ്ചിനീയർമാർ, പോളിടെക്നിക്/എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ 38 പഞ്ചായത്തുകളിൽ (രണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ വീതം) 19 എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്.

### കൊച്ചി നഗരത്തിലെ മാലിന്യ പ്രശ്നം

46 [131] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ മാലിന്യ പ്രശ്നം ഗുരുതരമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തൊക്കെ നടപടികളാണ് ഇതിനെതിരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) ചേരാനല്ലൂരും ബ്രഹ്മപുരത്തും ജനങ്ങളുടെ സംഘടിത എതിർപ്പുമൂലം ചവർസംസ്ക്കരണം സാദ്ധ്യമാകാതെവന്നതിനാൽ കൊച്ചിൻ പോർട്ടിന്റെയും നേവിയുടെയും പ്രത്യേകാനുമതി നേടിക്കൊണ്ട് വാതുരുത്തിയ്ക്ക് സമീപമുള്ള പോർട്ട് ട്രസ്റ്റ്വക സ്ഥലത്ത് നഗരമാലിന്യങ്ങൾ സംസ്കരിച്ചു വരുന്നു. ഇക്കാര്യത്തിൽ പോർട്ട് ട്രസ്റ്റിന്റെയും നേവിയുടെയും അനുമതിയുണ്ട്. നഗരത്തിലെ കുടുംബശ്രീ യൂണിറ്റുകൾ മുഖേന ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ വെർമി കമ്പോസ്റ്റ് ആക്കുന്നതിനും ബാക്ടീരിയ മുഖേന മാലിന്യങ്ങൾ വളമാക്കുന്ന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. എന്നാൽ ഇത് വളരെ കുറച്ചുസ്ഥലത്തേ ഫലപ്രദമായി ചെയ്യുന്നുള്ളു. ഈ പ്രവർത്തനം നഗരത്തിലെ എല്ലാ ഡിവിഷനുകളിലും നടപ്പിലാക്കുന്നതിന് നഗരസഭ ശ്രമം നടത്തുന്നുണ്ട്. എന്നാൽ വളരെ അധികം വരുന്ന നഗരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഈ പ്രവർത്തനം മതിയാകുകയില്ല. അതിനാൽ ഡിവിഷനുകളിൽ സംസ്ക്കരിക്കാൻ സാധിക്കാത്ത മാലിന്യങ്ങൾ സഹകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ തേടിയാണ് ഇപ്പോൾ സംസ്ക്കരണം നടത്തി വരുന്നത്.

കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശ് വില്ലേജിൽ ബ്രഹ്മപുരം കരയിൽ കൊച്ചി കോർപ്പറേഷന് ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ 65.2 ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് വിഭാഗത്തിൽപ്പെടുത്തി ഏറ്റെടുക്കുന്നതിന് കൊച്ചി നഗരസഭയ്ക്കനുമതി നൽകിയിട്ടുണ്ട്. ബ്രഹ്മപുരത്ത് നഗര മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സഭയ്ക്ക് സാധിക്കുന്ന മുറയ്ക്ക് നഗരം നേരിടുന്ന ഏറ്റവും രൂക്ഷമായ മാലിന്യ സംസ്ക്കരണ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാകുന്നതാണ്.

**സി.പി.ഐ. (എം) അധികാരത്തിലിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ**

47 [132] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :*

„ *കെ. ബാബു:*

„ *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.പി.ഐ. (എം) നേതൃത്വത്തിലുള്ള ഭരണസമിതികൾ എത്ര തദ്ദേശഭരണ സ്ഥാപനങ്ങളിൽ അധികാരത്തിലിരിക്കുന്നു എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റിന്റെ ഒട്ടാകെ തുകയെത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) & (ബി) പാർട്ടി തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly